The Complete Dental Treatment information guide









# ദന്തചികിത്സ

## ദന്തചികിത്സയെ കുറിച്ച് കൂടുതൽ അറിയൂ ...



**YOUR CLINIC DETAILS**
**WILL BE PRINTED HERE**

SMART DOC®
www.smartdocposters.com

**YOUR CLINIC DETAILS**
**WILL BE PRINTED HERE**



# ദന്തചികിത്സ

**ദന്തചികിത്സയെ കുറിച്ച്**
**കൂടുതൽ അറിയൂ ...**

Rs.3500/-

SMART DOC®
www.smartdocposters.com
E-mail:info@smartdocposters.com
Ph:+91 9846244680
SMART DOC.,MGN-45 -D ,RANNI LANE ,PEROORKADA P.O. , TRIVANDRUM-695005,KERALA STATE

Disclaimer note:
This edition is meant solely for spreading dental treatment awareness among the public.The views expressed do not necessarily reflect those of the publisher. No responsibility is assumed by the publisher for any injury or damage to persons or property as a matter of products liability,negligence or otherwise ,or from any use of operation of any methods,products instruction or ideas contained in the material herin. Due to the rapid advances in Medical & Dental science,we recommend that the independent verification of diagnosis and drug dosages should be made.

Issued in interest of Public Dental Awareness

## നിങ്ങൾക്ക് ഈ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ,... ചികിത്സയ്ക്ക് മുമ്പ് ഡോക്ടറെ അറിയിക്കുക...



1. നിങ്ങൾ ഏതെങ്കിലും രോഗാവസ്ഥയിൽ ആണെങ്കിൽ ...
2. നിങ്ങൾ എന്തെങ്കിലും മരുന്നുകൾ കഴിക്കുകയാണെങ്കിൽ ...
3. ഏതെങ്കിലും മരുന്നുകളോട് അലർജിയാണെങ്കിൽ ...
4. ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും, ആ വസ്തുത ഡോക്ടറെ അറിയിക്കുക.



# നഷ്ടപ്പെട്ട പല്ലിന്റെ സ്ഥാനത്ത്, കൃത്രിമ പല്ലുകൾ വെച്ചില്ലെങ്കിൽ,

## ഇവ സംഭവിക്കാം ...

**1**




പല്ലുകൾ ഇല്ലാത്തിനാൽ ഭക്ഷണം ശരിയായ രീതിയിൽ ചവയ്ക്കുവാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

**ഇത് ദഹനക്കേടിനും വയറ്റിലെ മറ്റ് പ്രശ്നങ്ങൾക്കും കാരണമാകുന്നു.**



**2**




**നീക്കം ചെയ്യപ്പെട്ട പല്ലിന്റെ വിടവിലേക്കു ആരോഗ്യമുള്ള ബാക്കി പല്ലുകൾ നീങ്ങുന്നു**

ഇത് കാരണം പല്ലുകൾ ഇളകുന്നു.


ഭാവിയിൽ,.. ഒന്നിൽ കൂടുതൽ പല്ലുകൾ എടുത്തു കളയുകയെ വഴിയുള്ളൂ.

**3**

പല്ലുകൾ ഇല്ലാത്തതിനാൽ കവിളുകൾ ഒട്ടി പ്രായകൂടുതൽ തോന്നിപ്പിയ്ക്കുന്നു.



**4**




ഉച്ചാരണ സ്ഫുടത നഷ്ടപ്പെടുന്നു.

പല്ലെടുത്തു മൂന്നു ആഴ്ച്ച കഴിഞ്ഞ് (അല്ലെങ്കിൽ ഡോക്ടർ പറയുന്ന സമയത്ത്) ആ ഭാഗത്തു കൃത്രിമ പല്ലുകൾ വയ്ക്കാവുന്നതാണ്.



പല്ല് നഷ്ടപ്പെട്ട ഭാഗം



ഇളക്കി മാറ്റാനാവാത്ത സെറാമിക് പല്ലുകൾ വെച്ച ശേഷം


**പല്ലു വയ്ക്കുവാൻ കാലതാമസം എടുക്കും തോറും മോണയുടെ കട്ടി കുറയുകയും പിന്നീട് അവിടെ പല്ലുകൾ വയ്ക്കുവാൻ ബുദ്ധിമുട്ടാവുകയും ചെയ്യുന്നു.**

www.smartdocposters.com WATER MARK

# ഉറപ്പിച്ചു വയ്ക്കാവുന്ന സിറാമിക്ക് ദന്തങ്ങൾ



ഉള്ളിൽ ലോഹമുള്ള
സിറാമിക് ദന്തങ്ങൾ.



ഉള്ളിൽ ലോഹത്തോടു കൂടിയ സിറാമിക്ക് ദന്തങ്ങൾ
പിൻ നിരയിലെ പല്ലുകൾക്ക് അനുയോജ്യം




**പല്ല് നഷ്ടപെട്ട ഭാഗം**





**ഇളക്കി മാറ്റാനാവാത്ത
സെറാമിക് പല്ലുകൾ വെച്ച ശേഷം**

## സിറാമിക്ക് ദന്തങ്ങൾ എങ്ങിനെ പല്ലിൽ ഉറപ്പിക്കുന്നു ?



നഷ്ടപ്പെട്ട പല്ലിന്റെ ഭാഗത്തോട്
ചേർന്നുള്ള പല്ലുകൾ
കോൺ (cone) ആകൃതിയിലാക്കുന്നു.





ഡെന്റൽ സിമന്റ് ഉപയോഗിച്ച് സെറാമിക്
ക്രൗൺ ബ്രിഡ്ജ് യൂണിറ്റ്
അതിൽ ഉറപ്പിക്കുന്നു.



www.smartdocposters.com WATER MARK

# ഉറപ്പിച്ചു വയ്ക്കാവുന്ന സിറാമിക്ക് ദന്തങ്ങൾ

## ഉള്ളിൽ ലോഹം ഇല്ലാത്ത സിറാമിക്ക് ദന്തങ്ങൾ





ഉള്ളിൽ ലോഹം ഇല്ലാത്ത സിറാമിക്ക് ദന്തങ്ങൾ മുൻ നിരയിലെ പല്ലുകൾക്ക് ഏറെ അനുയോജ്യം !



പല്ല് നഷ്ടപെട്ട ഭാഗം




ഇളക്കി മാറ്റാനാവാത്ത
സെറാമിക് പല്ലുകൾ വെച്ച ശേഷം


www.smartdocposters.com
WATER MARK

ഉറപ്പിച്ചു വയ്ക്കുന്ന രീതിയിലുള്ള കൃത്രിമദന്തങ്ങളിൽ ഏറ്റവും ആധുനികമായ ചികിത്സാ രീതിയാണ്

# sU â Â Cw¹ hnുകൾ




പല്ല് നഷ്ടപ്പെട്ട ഭാഗം



ഡെന്റൽ ഇംപ്ലാന്റുകൾ ഘടിപ്പിക്കുന്നതിന്..... ടൈറ്റാനിയം സ്ക്രൂകൾ ശസ്ത്രക്രിയയിലൂടെ താടിയെല്ലിൽ സ്ഥാപിക്കുന്നു.





ഈ ടൈറ്റാനിയം സ്ക്രൂകൾക്ക് മുകളിൽ കൃത്രിമപ്പല്ല് ഉറപ്പിക്കുന്നു.






ഇവ ഏറ്റവും കരുത്തും ഗുണമേന്മയുള്ളതും
വളരെ കൂടുതൽ കാലം നിലനിൽക്കുകയും ചെയ്യുന്നു.

ഏത്ര കട്ടിയുള്ള ഭക്ഷണവും
നല്ല രീതിയിൽ ചവച്ചു കഴിക്കുവാൻ പറ്റുന്നു.

Dental Implants

www.smartdocposters.com WATER MARK

ഉപയോക്താവിന് യഥേഷ്ടം എടുത്തു മാറ്റാവുന്ന

# ഇംപ്ലാന്റ് ഓവർഡെഞ്ചർ OVER DENTURES

ഇവ താടിയെല്ലിൽ സ്ഥാപിച്ചിരിക്കുന്ന ഡെന്റൽ ഇംപ്ലാന്റുകളിൽ ഉറപ്പിച്ചു വയ്ക്കുന്നു.



ഇംപ്ലാന്റ്






ഇത് സാധാരണ അക്രിലിക് ദന്തങ്ങളേക്കാൾ സ്ഥിരതയുള്ളതും സുഖമുള്ളതുമാണ്.

www.smartdocposters.com WATER MARK



# മയമുള്ള മൃദുവായ ഫ്ളെക്സിബിൾ വയ്പ്പു പല്ലുകൾ





| കട്ടിയുള്ള അക്യ്രലിക് വയ്പ്പു പല്ലുകൾ | മയമുള്ളതും ഫ്ളെക്സിബിളും ആയ വയ്പ്പു പല്ലുകൾ |
|---|---|
| 1. അക്യ്രലിക് വയ്പ്പു പല്ലുകൾ കട്ടിയുള്ളതിനാൽ, ഇതുമായി പൊരുത്തപ്പെടാൻ എകദേശം ഒരു മാസം എടുക്കുന്നു. | മയമുള്ളതും ചവയ്ക്കുമ്പോൾ മോണയ്ക്കനുസരിച്ചു വളയുന്നതുമായതിനാൽ വളരെ പെട്ടെന്നു തന്നെ ഇതുമായി പൊരുത്തപെടാൻ സാധിക്കുന്നു. |
| 2. കട്ടിയുള്ളതും മുർച്ചയേറിയ വശങ്ങളും ഉള്ളതിനാൽ മോണയും നാക്കും മുറിയുവാനുള്ള സാദ്ധ്യതയേറെയാണ് . | ഒട്ടും തന്നെ കട്ടിയില്ലാത്തതും മൃദുലവും ആയതിനൽ മോണയും നാക്കും മുറിയുവാനുള്ള സാദ്ധ്യത കുറവാണ് . |
| 3. സംസാരിക്കുംമ്പോഴും ചവയ്ക്കുമ്പോഴും പല്ലുകൾ ഇളകി വരാനുള്ള സാദ്ധ്യതയേറെയാണ് . | ഇളകി വരാനുള്ള സാദ്ധ്യത വളരെ കുറവാണ് . |
| 4. താഴെ വീണാൽ പൊട്ടുവാനുള്ള സാദ്ധ്യതയേറെയാണ് . | താഴെ വീണാൽ പൊട്ടില്ല. |
| 5. ചില അക്യ്രലിക് വയ്പ്പു പല്ലുകളിൽ മറ്റു പല്ലുകളുമായി ഘടിപ്പിക്കുവാൻ കൊളുത്തുകൾ ഉപയോഗിക്കുന്നു. | ഫ്ളെക്സിബിൾ ആയ വയ്പ്പു പല്ലുകളിൽ കൊളുത്തുകൾ ഇല്ല. |
| 6. കട്ടിയുള്ളതിനാൽ മോണയ്ക്കു കാലക്രമേണ ക്ഷതവും തേയ്മാനവും സംഭവിക്കുന്നു. | മൃദുവായതിനാൽ മോണയ്ക്കു ക്ഷതവും തേയ്മാനവും സംഭവിക്കില്ല. |

www.smartdocposters.com
WATER MARK



# നിര തെറ്റിയ പല്ലുകൾ ശരിയാക്കുന്നതിനുള്ള ഓർത്തോഡോൺടിക് ചികിത്സ



## നിര തെറ്റിയ പല്ലുകൾ പല പ്രശ്നങ്ങൾക്കും കാരണമാക്കാം

| | |
|---|---|
| **1** | നിരതെറ്റിയ പല്ലുകൾ, മുഖ കാന്തിയെയും വ്യക്തിത്വത്തെയും സാരമായി ബാധിക്കുന്നു. ഇത് മാനസിക പ്രശ്നങ്ങൾക്ക് കാരണമായേക്കാം! |
| **2** | സംസാരത്തിൽ അപാകതകൾ, ശ്വാസതടസ്സം, ഭക്ഷണം ശരിയായി ചവയ്ക്കുവാൻ ബുദ്ധിമുട്ട് എന്നിവ ഉണ്ടാകാം. |
| **3** | കൂട്ടം കൂടിയതും നിരതെറ്റിയതുമായ പല്ലുകളിൽ പോടുകൾ, മോണരോഗങ്ങൾ എന്നിവ ഉണ്ടാകുവാനുള്ള സാദ്ധ്യത ഏറെയാണ്. |
| **4** | തള്ളിയിരിക്കുന്ന മുൻനിരപല്ലുകൾ, അപകടത്തിൽ പൊട്ടുവാനുള്ള സാദ്ധ്യത ഏറെയാണ്. |
| **5** | താടിയെല്ലുകളുടെ ജോയിന്റിൽ വേദന അനുഭവപ്പെടാം. |

www.smartdocposters.com WATERMARK

# വിവിധ തരത്തിലുള്ള ഓർത്തോഡോൺടിക് ചികിത്സ

## ഫിക്സഡ് അപ്ലയൻസ്
### ചികിത്സ രീതി



ബ്രേസുകൾ ഉറപ്പിച്ചു
പല്ലുകൾ ശരിയാക്കുന്ന ചികിത്സ


### വിവിധ തരത്തിലുള്ള ബ്രേസുകൾ (Braces)



സ്റ്റീൽ
ബ്രേസുകൾ.



സെറാമിക്
ബ്രേസുകൾ.



കളർ
ബ്രേസുകൾ



അദൃശ്യമായ
ബ്രേസുകൾ

## റിമൂവബിൾ അപ്ലയൻസ്
### ചികിത്സ രീതി



ഉപയോക്താവിന് യഥേഷ്ടം
എടുത്തു മാറ്റാവുന്ന
ഉപകരണം



www.smartdocposters.com
WATER MARK

# വിവിധ തരത്തിലുള്ള ഓർത്തോഡോൺടിക് ചികിത്സ

## ക്ലിയർ അലൈനറുകൾ CLEAR ALIGNERS



ഉപയോക്താവിന് യഥേഷ്ടം എടുത്തു മാറ്റാവുന്ന ക്ലിയർ അലൈനർ ഉപകരണം

- ക്ലിയർ നിറമായതിനാൽ അവ മിക്കവാറും അദൃശ്യമാണ്.
- മയമുള്ളതും ഫ്ളെക്സിബിളുമാണ്
- ഫിക്സഡ് ഉപകരണത്തേക്കാൾ സുഖപ്രദമാണ്
- ചികിത്സാ ഫലം വേഗത്തിൽ !

## മയോഫങ്ഷണൽ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ചികിത്സ രീതി

MYOFUNCTIONAL APPLIANCES

മുഖത്തെ പേശികളുടെ സഹായത്തോടെയാണ് ഈ ഉപകരണങ്ങൾ പ്രവർത്തിക്കുന്നത്

സാധാരണയായി ഉപയോഗിക്കാറുള്ള ചില മയോഫങ്ഷണൽ ഉപകരണങ്ങൾ


BITE PLANE


JASPER JUMPER


LIP BUMPER


ACTIVATOR


FRANKEL APPLIANCE


BIONATOR


TWIN BLOCK APPLIANCE


HERBST APPLIANCE

www.smartdocposters.com WATER MARK

# ഈ അവസ്ഥകളിൽ ഓർത്തോഡോൺടിക് ചികിത്സ ആവശ്യമാണ്



## ക്രോസ് ബൈറ്റ് Cross bite

ഈ അവസ്ഥയിൽ മുകളിലെ പല്ലുകളും താഴെയുള്ള പല്ലുകളും തമ്മിൽ ശരിയായ സ്ഥാനത്ത് കടി കിട്ടുന്നില്ല.



## പല്ലുകളുടെ അഭാവം Missing teeth

ജന്മനാ ചില പല്ലുകളുടെ അഭാവം.

ചില സന്ദർഭങ്ങളിൽ ഒന്ന് മുതൽ ആറ് പല്ലുകൾ വരെ ഇല്ലാത്ത അവസ്ഥ.



## തള്ളിയ പല്ലുകൾ Protruded teeth

മുകളിലത്തെ പല്ലുകൾ നല്ലവണ്ണം മുന്നോട്ട് തള്ളി നിൽക്കുന്ന അവസ്ഥ.



## അണ്ടർ ബൈറ്റ് Under bite

വായ അടയ്ക്കുമ്പോൾ, മുകളിലത്തെ പല്ലുകളെകാൾ താഴത്തെ പല്ലുകൾ മുന്നോട്ട് തള്ളി നിൽക്കുന്ന അവസ്ഥ.



## ഡീപ്പ് ബൈറ്റ് Deep bite

ഡീപ്പ് ബൈറ്റ് അവസ്ഥയിൽ, വായ അടയ്ക്കുമ്പോൾ മുൻവശത്തെ മുകളിലെ പല്ലുകൾ താഴെയുള്ള പല്ലുകളെ പുർണ്ണമായും മൂടുന്നു.



## തിങ്ങി നിറഞ്ഞിരിക്കുന്ന പല്ലുകൾ Crowded teeth

പല്ലുകൾ തിങ്ങി നിറഞ്ഞിരിക്കുന്ന അവസ്ഥ .



## ഓപ്പൺ ബൈറ്റ് Open bite

ഓപ്പൺ ബൈറ്റ് അവസ്ഥയിൽ, വായ അടയ്ക്കുമ്പോൾ മുകളിലെയും താഴത്തെയും പല്ലുകൾ തമ്മിൽ കൂടി ചേരില്ല.



## തള്ളവിരൽ കുടിക്കുന്ന ശീലം Thumb sucking habit

തള്ളവിരൽ കുടിക്കുന്ന ശീലം കാരണം പല്ലുകളുടെ നിര തെറ്റുന്നു

www.smartdocposters.com WATERMARK

# ഓർത്തോഡോൺടിക് ചികിത്സ ചില സംശയങ്ങളും ഉത്തരങ്ങളും

**കുട്ടികളിൽ ഓർത്തഡോൺടിക് ചികിത്സ എത്ര വയസ്സിൽ തുടങ്ങാം?**

ചികിത്സയ്ക്കുള്ള ട്രീററ്മെന്റ് പ്ലാൻ എഴു വയസ്സിൽ തുടങ്ങാം.

**ചികിത്സ വേദനാജനകമാണോ?**

പല്ലുകൾ ശരിയായ രീതിയിൽ നീങ്ങി തുടങ്ങുമ്പോൾ ചെറിയ തോതിൽ വേദന അനുഭവപ്പെടാം. ബ്രാക്കറ്റുകൾ തട്ടി നാക്കിലും ചുണ്ടിലും ചെറിയ മുറിവ് ഉണ്ടാകാൻ സാധ്യതയുണ്ട്.

**ചികിത്സയ്ക്കു വേണ്ടി പല്ലുകൾ എടുത്തു കളയേണ്ടതായി വരുമോ?**

നിര തെറ്റി കൂട്ടം കൂടിയിരിക്കുന്ന പല്ലുകളാണെങ്കിൽ ചില പല്ലുകൾ നീക്കം ചെയ്യേണ്ടതായി വരുന്നു.

**ഓർത്തഡോൺടിക് ചികിത്സയുടെ കാലയളവ് ?**

എട്ടു മുതൽ പതിനെട്ടു മാസം വരെ.



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം




ചികിത്സയ്ക്ക് മുൻപ്




ചികിൽസയ്ക്കു ശേഷം

www.smartdocposters.com WATERMARK


# ദന്തക്ഷയം എങ്ങിനെ സംഭവിക്കുന്നു ?





പല്ലിൽ അടിഞ്ഞുകൂടിയ
ഭക്ഷണ അവശിഷ്ടങ്ങൾ
വായിലുള്ള ബാക്ടീരിയയുമായി
ഒത്തുചേരുന്നു.




ഇവ ആസിഡുകൾ ഉണ്ടാക്കുന്നു!
ഈ ആസിഡുകൾ പല്ലുകളെ
തുരന്ന് ഹോൾ ഉണ്ടാക്കുന്നു!



www.smartdocposters.com WATER MARK

# യഥാസമയം ചികിത്സിച്ചില്ലെങ്കിൽ...
# ദന്തക്ഷയത്തിന്റെ അപകടകരമായ പുരോഗതി



ഇനാമൽ, ഡെൻറ്റിൻ
പാളികളുടെ ദന്തക്ഷയം



ദന്തക്ഷയം പല്ലിന്റെ
പൾപ്പിലേക്ക് വ്യാപിക്കുന്നു.
കഠിനമായ വേദന!



ദന്തക്ഷയം പല്ലിന്റെ വേരുകളിലേക്ക്
വ്യാപിക്കുകയും വേരുകളുടെ
അറ്റത്ത് നീരു രൂപപ്പെടുകയും
ചെയ്യുന്നു.
കഠിനമായ വേദനയും വീക്കവും !

ഈ ഘട്ടത്തിൽ ഒരു ഫില്ലിംഗ്
നടത്തി പല്ല് സംരക്ഷിക്കാം.

ഈ ഘട്ടത്തിൽ റൂട്ട് കനാൽ
ചികിത്സയിലൂടെ പല്ല് സംരക്ഷിക്കാം.

**ഈ ഘട്ടത്തിൽ, പല്ല് നീക്കം
ചെയ്യുകയേ മാർഗ്ഗമുള്ളു**

www.smartdocposters.com WATERMARK

# വിവിധ തരം ഫില്ലിംഗുകൾ

## പല്ലിന്റെ അതേ നിറമുള്ള കോമ്പസിറ്റ് ഫില്ലിംഗുകൾ



ഇവ പല്ലിന്റെ അതേ നിറമുള്ള ഫില്ലിംഗുകളാണ് !!





പല്ലുകൾ അടച്ച ശേഷം ലൈറ്റ് ക്യൂറിംഗ് ടെക്നിക് (light curing technique) ഉപയോഗിച്ച് സെറ്റ് ചെയ്യുന്നു.



പല്ലിന്റെ വിവിധ ഷേഡുകളിൽ ഇവ ലഭ്യമാണ്.

### പൊട്ടിയ പല്ലുകൾ



പൊട്ടിപ്പോയ മുൻ നിരയിലെ പല്ല്



പൊട്ടിയ പോയ ഭാഗം പുനർ നിർമ്മിച്ച്, കോമ്പസിറ്റ് ലൈറ്റ് ക്യൂർ സംവിധാനം ഉപയോഗിച്ച് സെറ്റ് ചെയ്യുന്നു.

കോമ്പസിറ്റ് ഫില്ലിംഗ് രീതി ഉപയോഗിച്ച് തേയ്മാനം സംഭവിച്ച ഭാഗം അടച്ച് ശരിയാക്കാവുന്നതാണ്.



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം



ചികിത്സയ്ക്ക് മുൻപ്




ചികിൽസയ്ക്കു ശേഷം

പല്ലുകൾക്കിടയിലെ വിടവുകൾ കോമ്പസിറ്റ് രീതി ഉപയോഗിച്ച് ശരിയാക്കാവുന്നതാണ്.



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം

വെള്ളി നിറമുള്ള ഫില്ലിംഗുകൾ (അഥവാ അമാൽഗം ഫില്ലിംഗുകൾ) മാറ്റി പല്ലിന്റെ അതേ ഷെയിഡിലുള്ള കോമ്പസിറ്റ് ഫില്ലിംഗുകൾ ചെയ്യാവുന്നതാണ്.



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം

www.smartdocposters.com
WATER MARK

# വിവിധ തരം ഫില്ലിംഗുകൾ

## താൽക്കാലിക ഫില്ലിംഗുകൾ

Temporary fillings

ചില സന്ദർഭങ്ങളിൽ, സ്ഥിരമായ ഫില്ലിംഗുകൾ ചെയ്യുന്നതിന് മുമ്പ്, താൽക്കാലിക ഫില്ലിംഗുകൾ നൽകുന്നു.



ഈ താൽക്കാലിക ഫില്ലിംഗുകൾ അധികകാലം നിലനിൽക്കില്ല.

നിങ്ങളുടെ ഡോക്ടർ നിർദ്ദേശിച്ച പ്രകാരം അടുത്ത അപ്പോയിന്റ്മെന്റിൽ തന്നെ ഇത് സ്ഥിരമായ ഫില്ലിംഗുകൾ ആക്കുക.

## സിൽവർ അമാൽഗം ഫില്ലിംഗുകൾ

Silver amalgam fillings





ഇവ പ്രധാനമായും പിന്നിലെ പല്ലുകളുടെ പോടുകൾ അടയ്ക്കാൻ ഉപയോഗിക്കുന്നു.

ഈ ഫില്ലിംഗുകൾ ഏറ്റവും കൂടുതൽ കാലം നിലനിൽക്കുന്നു.

www.smartdocposters.com WATER MARK

# വിവിധ തരം ഫില്ലിംഗുകൾ

## ഗ്ലാസ് അയണോമർ ഫില്ലിംഗുകൾ

Glass Ionomer fillings

ഇവ ഏകദേശം പല്ലിന്റെ അതേ നിറമുള്ള ഫില്ലിംഗുകളാണ് !!

ഈ ആവശ്യങ്ങൾക്ക് ഗ്ലാസ് അയണോമർ ഉപയോഗിക്കുന്നു...

1. താൽക്കാലിക ഫില്ലിംഗുകൾ ചെയ്യാൻ
2. മോണ ഭാഗത്തേയ്ക്കു വ്യാപിച്ച പല്ലുകളുടെ പോടുകൾ അടയ്ക്കാൻ.
3. കുട്ടികളുടെ പല്ലിന്റെ പോടുകൾ അടയ്ക്കാൻ.

ഗ്ലാസ് അയോനോമർ ഫില്ലിംഗുകളിൽ ഫ്ളൂറൈഡ് ഉള്ളതിനാൽ, ഇത് ദന്തക്ഷയം തടയാൻ സഹായിക്കുന്നു.





www.smartdocposters.com
WATERMARK

# വിവിധ തരം ഫില്ലിംഗുകൾ

## ഇൻലേ ഓൺലേ ഫില്ലിംഗുകൾ

INLAY & ONLAY FILLINGS

1 മോളാർ, പ്രീമോളാർ പല്ലുകൾ ഒരു സാധാരണ ഫില്ലിംഗ് ഉപയോഗിച്ച് സംരക്ഷിക്കാൻ കഴിയാത്തപ്പോൾ, ഇൻലേ ഓൺലേ ഫില്ലിംഗ് ഉപയോഗിക്കുന്നു.

2 ഇവ ഡെന്റൽ ലാബുകളിലാണ് നിർമ്മിക്കുന്നത്..തുടർന്ന്, പല്ലിലേക്ക് ഡെന്റൽ സിമന്റ് ഉപയോഗിച്ച് ഉറപ്പിക്കുന്നു.

### ഗോൾഡ് ഇൻലേ ഓൺലേ ഫില്ലിംഗുകൾ



ഗോൾഡ് ഇൻലേ



ഗോൾഡ് ഓൺലേ

### സിറാമിക് ഇൻലേ ഓൺലേ ഫില്ലിംഗുകൾ



സിറാമിക് ഇൻലേ സിറാമിക് ഓൺലേ

ചവയ്ക്കുമ്പോൾ, മറ്റ് ഫില്ലിംഗുകളേക്കാൾ ഈ ഫില്ലിംഗുകൾക്ക്, ശക്തമായ കടി താങ്ങുവാനുള്ള ശക്തി കൂടുതലാണ് !

### ഇൻലേ INLAY

പല്ലിന്റെ മധ്യഭാഗത്തുള്ള പോടുകൾ അടയ്ക്കാൻ ഇൻലേകൾ ഉപയോഗിക്കുന്നു.



### ഓൺലേ ONLAY

പൂർണ്ണമായോ ഭാഗികമായോ പല്ലിന്റെ മുകൾഭാഗം അടയ്ക്കാൻ ഓൺലേ ഫില്ലിംഗുകൾ ഉപയോഗിക്കുന്നു.



www.smartdocposters.com WATER MARK




തീവ്രമായ ദന്തക്ഷയം സംഭവിച്ച പല്ലുകൾ പോലും


# റൂട്ട് കനാൽ ചികിത്സയിലൂടെ

സംരക്ഷിച്ചു നീല നീർത്താൻ കഴിയും


## റൂട്ട് കനാൽ ചികിത്സ എങ്ങിനെ ചെയ്യുന്നു ?




ദന്തക്ഷയം പൾപ്പിനെ ബാധിച്ചിരിക്കുന്നു




ദന്തക്ഷയം ഉൾപ്പെട്ട പല്ലിന്റെ ഭാഗം, നീക്കം ചെയ്യുന്നു.



കേടായ പൾപ്പിന്റെ ഭാഗം നീക്കി, റൂട്ട് കനാൽ വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്യുന്നു.




സീലന്റുകൾ ഉപയോഗിച്ച് റൂട്ട് കനാൽ സീൽ ചെയ്യുന്നു



ചികിത്സയ്ക്ക് ശേഷം, ഒരു ഡെന്റൽ ക്രൗൺ പല്ലിൽ ഉറപ്പിക്കുന്നു.

www.smartdocposters.com WATER MARK

# ദന്ത ചികിത്സയ്ക്കായി ലേസറുകളുടെ ഉപയോഗം



ഡെന്റൽ ഫില്ലിംഗുകൾക്കും, റൂട്ട് കനാൽ ചികിത്സയ്ക്കും ലേസർ ഉപയോഗിക്കുന്നു



വായിൽ നിന്ന് ക്യാൻസർ അല്ലാത്ത മുഴകൾ നീക്കം ചെയ്യാൻ ...



കുട്ടിയ[illegible] ദശ അ[illegible] [illegible]ലം (frenu[illegible]) [illegible] താഴെ [illegible]പ്പെടുന്നു... ഈ നാ[illegible]കെട്ട് , ലേ[illegible] ഉപയോഗി[illegible] ഫ്രെനെക്ടമി ശസ്ത്രക്രി[illegible] മാറ്റുന്നു



ചിലരിൽ,.. പുഞ്ചിരിക്കുമ്പോൾ പല്ലിനേക്കാൾ മോണ കൂടുതൽ ദൃശ്യമാകും. അത്തരം സന്ദർഭങ്ങളിൽ മോണയുടെ രൂപമാറ്റം വരുത്തുന്നതിനും പല്ലുകൾ കൂടുതൽ ദൃശ്യമാക്കുന്നതിനും ലേസർ ഉപയോഗിക്കുന്നു.



ഡെന്റൽ ബ്ലീച്ചിംഗ്

പല്ലുകൾ വെളുപ്പിക്കാൻ ലേസർ ഉപയോഗിക്കുന്നു.






പല്ലിന്റെ പുളിപ്പ് മാറ്റുവാൻ ലേസർ ചികിത്സ ഉപയോഗിക്കുന്നു

## ലേസർ ചികിത്സയുടെ പ്രയോജനങ്ങൾ

ചികിത്സയ്ക്കിടെ വേദന കുറവാണ്, അതിനാൽ ലോക്കൽ അനസ്തേഷ്യ കുത്തിവയ്പ്പിന്റെ ഉപയോഗം ഒഴിവാക്കാം.

ലേസർ ചികിത്സയിൽ ഡെന്റൽ ഡ്രില്ലുകൾ ആവശ്യമില്ലാ[illegible]തിനാൽ, ഇത് രോഗികളിലെ ഉത്കണ്ഠയും ഭയവും കുറയ്ക്കുന്നു.

ലേസർ ചികിത്സയ്ക്കിടെ ഏറ്റവും കുറഞ്ഞ രക്തസ്രാവവും [illegible]ക്കവും മാത്രമേ കാണപ്പെടാറുള്ളു . അതിനാൽ, തുന്നലിന്റെ ആവശ്യം വ[illegible]റില്ല.

ലേസർ ഉപയോഗിച്ച് ദന്തക്ഷയം ബാധിച്ച പോട് വൃത്തിയാക്കു[illegible]പോൾ, പല്ലിന്റെ അംശം ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ നഷ്ടപ്പെടൂ.

www.smartdocposters.com WATERMARK



# പല്ലുകൾ നീക്കം ചെയ്യുന്നതിനു മുൻപ് ... ശ്രദ്ധിക്കുക!!

## ഈ അവസ്ഥകൾ നിങ്ങൾ ഡോക്ടറെ ഉറപ്പായും അറിയിക്കണം

1. നിങ്ങൾ ഏതെങ്കിലും രോഗാവസ്ഥയിൽ ആണെങ്കിൽ ...
2. നിങ്ങൾ എന്തെങ്കിലും മരുന്നുകൾ കഴിക്കുകയാണെങ്കിൽ ...
3. ഏതെങ്കിലും മരുന്നുകളോട് അലർജിയാണെങ്കിൽ ...

പല്ല് നീക്കം ചെയ്യുന്നതിനു മുമ്പ്, ശരിയായി ഭക്ഷണം കഴിച്ചിരിക്കണം.

പല്ല് നീക്കം ചെയ്യുന്നതിനുമുമ്പ്, എന്തെങ്കിലും മരുന്നുകൾ കഴിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ഉറപ്പായും അവ കഴിക്കുക.

ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും, പല്ല് നീക്കം ചെയ്യുന്നതിനു മുമ്പ്, ആ വസ്തുത ഡോക്ടറെ അറിയിക്കുക.

www.smartdocposters.com WATERMARK

# പല്ലുകൾ എടുത്തതിനു ശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**1**



പല്ലുകൾ എടുത്ത ഭാഗത്ത് വച്ചിട്ടുള്ള പഞ്ഞി മൃദുവായി കടിക്കുക.
ഇത് രക്തസ്രാവം നിയന്ത്രിക്കും.
രക്തസ്രാവം നിലച്ചതിനു ശേഷം പഞ്ഞി നീക്കം ചെയ്യുക.

**2**



കവിളിൽ ഒരു ഐസ് പായ്ക്ക് വെച്ചാൽ രക്തസ്രാവവും വീക്കവും കുറയും.

**3**



ചൂടുള്ളതും, [illegible]ട്ടിപ്പിട[illegible]ന്നതും, [illegible]ട്ടി[illegible]ുള്ളത[illegible] ഭക്ഷണം ഒഴിവ[illegible]ക്കുക.

**4**



മൃദുവും തണുത്തതുമായ ഭക്ഷണം മാത്രം കഴിക്കുക.

**5**



പല്ല് നീക്കം ചെയ്ത് 8 മണിക്കൂറിനു ശേഷം ചെറുചൂടുള്ള ഉപ്പുവെള്ളം വായിൽ കൊള്ളുക.

3 ദിവസത്തേക്ക് ദിവസവും 3 തവണ ചെയ്യുക.

**6**



കുറച്ച് ദിവസത്തേക്ക് കഠിനാധ്വാനവും കായികവും ഒഴിവാക്കുക

**7**



പല്ല് നീക്കം ചെയ്തതിനു ശേഷവും, മരുന്ന് കഴിക്കുന്ന സമയത്തും, പുകവലിയോ മദ്യപാനമോ അരുത്.

**8**



മരുന്[illegible]ുകൾ ശരിയാ[illegible]സമയത്ത് കഴി[illegible]ക

**9**



പല്ല് നീക്കം ചെയ്ത സ്ഥലത്ത് തുന്നൽ ഉണ്ടെങ്കിൽ, നിങ്ങളുടെ ഡോക്ടർ അവ പിന്നീട് നീക്കം ചെയ്യും.

www.smartdocposters.com MASTER MARK



# ഇംപാക്റ്റഡ് പല്ലുകൾ

## Impacted Teeth

ഈ അവസ്ഥയിൽ, പല്ലിന്റെ ഭൂരിഭാഗവും താടിയെല്ലിനുള്ളിൽ പതിഞ്ഞിരിക്കുന്നു.

ഇവ നീക്കംചെയ്യുന്നതിന്, സാധാരണ പല്ല് നീക്കം ചെയ്യുന്നതിനേക്കാൾ വളരെയധികം ശ്രദ്ധയും പരിശ്രമവും ആവശ്യമാണ്.

### ഏത് പല്ലുകളാണ്, സാധാരണ ഇംപാക്റ്റഡായി കാണപ്പെടുന്നത് ?

#### താഴത്തെ മൂന്നാമത്തെ മോളാർ (molar) പല്ല്






ഏറ്റവും സാധാരണയായി കാണപ്പെടുന്ന ഇംപാക്റ്റഡ് പല്ലുകൾ.

#### മുകളിലത്തെ കനൈൻ (canine) പല്ലുകൾ





മോളാർ പല്ലുകൾ കഴിഞ്ഞ് പിന്നെ സാധാരണയായി കാണപ്പെടുന്ന ഇംപാക്റ്റഡ് പല്ലുകൾ.


www.smartdocposters.com

# മോണ രോഗം

## ഉടനെ ചികിൽസിച്ചില്ലെങ്കിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ

### ആദ്യ ഘട്ടം

- വേദനയില്ല
- മോണയിൽ നിന്നും രക്തസ്രാവം
- മോണയിൽ വീക്കം
- വായ്നാറ്റം





#### ചികിൽസ

- അൾട്രാസോണിക് ക്ലീനിംഗ്
- ബ്രഷിംഗ്, ഫ്ളോസ്സിംഗ് ശരിയായ വിധത്തിൽ
- മരുന്നുകൾ

### രണ്ടാം ഘട്ടം

- മോണ പല്ലിൽ നിന്ന് വേർപെടുന്നു
- പല്ലിന്റെ വേര് പുറത്താകുന്നു
- വേദനയും പല്ലിൽ പുളിപ്പും



#### ചികിൽസ

- അൾട്രാസോണിക് ക്ലീനിംഗ്
- ബ്രഷിംഗ്, ഫ്ളോസ്സിംഗ് ശരിയായ വിധത്തിൽ
- മരുന്നുകൾ

പിന്നെ,...

മോണയുടെ ഫ്ലാപ്പ് സർജറി

### മൂന്നാം ഘട്ടം

- പല്ലിനോട് ചേർന്നിരിക്കുന്ന എല്ലുകൾക്ക് നാശം സംഭവിക്കുന്നു...
- പല്ലുകൾ ഇളകുന്നു !!...




#### ചികിൽസ


പല്ലുകൾ എടുത്തു കളയുക എന്നതാണ് ഏക പോംവഴി !

www.smartdocposters.com WATERMARK

# മോണയുടെ ഫ്ളാപ്പ് സർജറി



കഠിനമായ മോണരോഗം ബാധിച്ചാൽ... മോണകൾ പല്ലിൽ നിന്ന് വേർപെടും



ഈ സാഹചര്യത്തിൽ
മോണയുടെ ഫ്ളാപ്പ് സർജറി
ചെയ്താലേ
പല്ലുകളും മോണയും
സംരക്ഷിക്കാൻ പറ്റൂ !

## Gum flap surgery



കഠിനമായ മോണരോഗത്താൽ...
മോണ പല്ലിൽ നിന്ന്
വേർപെട്ടിരിക്കുന്ന അവസ്ഥ.



ഫ്ളാപ്പ് സർജറി ചെയ്തതിന് ശേഷം
മോണ അതിന്റെ സ്ഥാനത്തേക്ക്
തിരികെ ഘടിപ്പിച്ചിരിക്കുന്നു.

www.smartdocposters.com WATER MARK

# പ്രമേഹ രോഗികളിൽ

## പല്ലുകളുടെയും മോണയുടെയും ശുചിത്വവും സംരക്ഷണവും


ദന്തക്ഷയം


മോണ രോഗം

പ്രമേഹ രോഗികളിൽ ദന്തക്ഷയം,മോണ രോഗം എന്നിവ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ് !!

www.smartdocposters.com WATERMARK

01 ദിവസവും രണ്ടു തവണ ബ്രഷിംഗ്, ഫ്ളോസ്സിംഗ് ചെയ്യുക. കഴിയുമെങ്കിൽ, ഓരോ ഭക്ഷണത്തിനു ശേഷവും.





02 പല്ലുകളിൽ അടിഞ്ഞുകൂടിയ കാൽക്കുലസ് പാളികൾ നീക്കം ചെയ്യുന്നതിനായി അൾട്രാസോണിക് ക്ലീനിംഗ് ഓരോ 6 മാസത്തിലും നടത്തണം.


കാൽക്കുലസ്

03 നിങ്ങളുടെ ഡോക്ടർ നിർദ്ദേശിച്ച പ്രകാരം മോണ സംരക്ഷണ മരുന്നുകൾ ഉപയോഗിക്കുക.

04 ഓരോ ആറു മാസം കൂടുമ്പോഴും ദന്തപരിശോധന നടത്തുക!

# ബ്രഷിംഗ്

## ശരിയായ വിധത്തിൽ








45° ആംഗിളിൽ ബ്രഷ് ചെരിച്ച് പിടിയ്ക്കുക.




മുന്നിലോട്ടും പിന്നിലോട്ടും ബ്രഷ് ചെയ്യുക.




മുകൾ നിരയിലെ പല്ലുകൾ മുകളിൽ നിന്നും താഴോട്ടും, കീഴ്നിരയിലെ പല്ലുകൾ താഴെ നിന്ന് മുകളിലോട്ടും ബ്രഷ് ചെയ്യുക.




ചവയ്ക്കുവാൻ ഉപയോഗിക്കുന്ന പല്ലുകളുടെ പ്രതലം മുന്നിലോട്ടും പിന്നിലോട്ടും ശക്തിയായി ബ്രഷ് ചെയ്യുക.




പല്ലുകളുടെ അകവശവും ബ്രഷ് ചെയ്യുക.




ബ്രഷ് ഉപയോഗിച്ചു തന്നെ നാവും ക്ലീൻ ചെയ്യുക.

### ഓർമ്മിക്കുക

- ദിവസേന രണ്ട് നേരം ബ്രഷ് ചെയ്യുക.
- ഭക്ഷണശേഷം രാത്രിയിൽ ഉറങ്ങുന്നതിനു മുൻപ് നിർബന്ധമായും ബ്രഷ് ചെയ്തിരിക്കണം.


www.smartdocposters.com
WATER MARK

## എത്ര ബ്രഷ് ചെയ്താലും പോകാത്ത, പല്ലുകൾക്കിടയിൽ കുടുങ്ങിയ ഭക്ഷണ അവശിഷ്ടങ്ങൾ,

# ഫ്ളോസിംഗ് ചെയ്ത് നീക്കം ചെയ്യണം




നേർത്ത നൈലോൺ ചരട് ഉപയോഗിച്ചാണ് ഡെന്റൽ ഫ്ളോസ് നിർമ്മിച്ചിരിക്കുന്നത്.
അത് പല്ലുകൾക്കിടയിൽ കടത്തി വലിച്ചെടുക്കുമ്പോൾ പല്ലുകൾക്കിടയിൽ കുടുങ്ങിയ ഭക്ഷണ അവശിഷ്ടങ്ങൾ ഇളകി വരുന്നു.



ഇരു വിരലുകൾക്കിടയിൽ ഫ്ളോസ് നൂൽ ചുറ്റുക.



പല്ലുകൾക്കിടയിൽ ഫ്ളോസ് പതുക്കെ കയറ്റുക.




ഫ്ളോസ് പല്ലുകൾക്കിടയിൽ കടത്തി വലിച്ചെടുക്കുമ്പോൾ... കുടുങ്ങിയ ഭക്ഷണ അവശിഷ്ടങ്ങൾ ഇളകി വരുന്നു.

www.smartdocposters.com WATER MARK

# സ്കെയിലിംഗ്

## അൾട്രാസോണിക് ക്ലീനിംഗ്

ബ്രഷിംഗ് വഴിയോ ഫ്ളോസിങ്ങിലൂടെയോ നീക്കം ചെയ്യാൻ കഴിയാത്ത, പല്ലുകളിൽ അടിഞ്ഞുകൂടിയ കാൽക്കുലസ് പാളികൾ, അൾട്രാസോണിക് ഉപകരണം ഉപയോഗിച്ച് ക്ലീനിംഗ് ചെയ്യുന്നു !!



കാൽക്കുലസ് പാളികൾ



അൾട്രാസോണിക് ഉപകരണം

ഇത് ഒരു വേദനയില്ലാത്ത പ്രക്രിയയാണ്.

സ്കെയിലിംഗ് ചെയ്യുമ്പോൾ പല്ലിന്റെ ഇനാമലിന് ഒരിക്കലും കേടുപാടുകൾ സംഭവിക്കില്ല.



പല്ലുകളിൽ അടിഞ്ഞുകൂടിയ കറകളും കാൽക്കുലസ് പാളികളും



അൾട്രാസോണിക് ഉപകരണം ഉപയോഗിച്ച് ക്ലീനിംഗ് ചെയ്തതിനു ശേഷം

**6 മാസത്തിലൊരിക്കൽ സ്കെയിലിംഗ് sN¿pI !!**

www.smartdocposters.com WATER MARK



## എപ്പോഴാണ് നിങ്ങളുടെ കുട്ടി

# ആദ്യമായി ഒരു ദന്തരോഗവിദഗ്ദ്ധനെ കാണേണ്ടത്?

## ആദ്യത്തെ സന്ദർശനം പല്ല് വന്ന് 6 മാസത്തിനുള്ളിൽ.



- ആദ്യത്തെ സന്ദർശനം ഡെന്റൽ ക്ലിനിക്കിന്റെ അന്തരീക്ഷം, ദന്തഡോക്ടർ, സ്റ്റാഫ് എന്നിവരെ പരിചയപ്പെടുത്താനാണ്.

- ദന്തഡോക്ടർ , പല്ലിന്റെ വളർച്ചയും വികാസവും, താടിയെല്ലുകൾ, മോണ എന്നിവയുടെ പൂർണ്ണ പരിശോധന നടത്തും.

ആവശ്യമെങ്കിൽ, നിങ്ങളുടെ കുട്ടിക്ക് അൾട്രാസോണിക്ക് ഉപകരണം ഉപയോഗിച്ച് പല്ലുകൾ ക്ലീൻ ചെയ്യുകയും ചെയ്യുന്നു.



പ്ലാക്ക് ശലകങ്ങൾ



അൾട്രാസോണിക്ക് ക്ലീനിംഗ്




www.smartdocposters.com WATER MARK

## കുട്ടികളിലെ ദന്തക്ഷയം തടയുന്നതിനുള്ള

# ഡെന്റൽ സീലന്റുകൾ

പിന്നിലെ പല്ലിന്റെ കുഴികളുള്ള പ്രതലങ്ങൾ ദന്തക്ഷയം സാധാരണയായി സംഭവിക്കുന്ന പ്രദേശമാണ്.




അതിനാൽ, കുട്ടികളിൽ ദന്തക്ഷയം തടയാൻ അവയിൽ ഡെന്റൽ സീലന്റുകൾ പ്രയോഗിക്കുന്നു.




ആദ്യം പല്ല് വൃത്തിയാക്കുന്നു.
പിന്നീട് സീലന്റ് പല്ലിന്റെ കുഴികളിൽ തേച്ചു പിടിപ്പിക്കുന്നു.
ഒരു പ്രത്യേക ക്യൂറിംഗ് ലൈറ്റ് ഉപയോഗിച്ച് അവ സെറ്റ് ചെയ്യുന്നു.

ഒരു അപ്പോയിന്റ്മെന്റിൽ ഇത് പൂർത്തിയാക്കാൻ കഴിയും.





ഡെന്റൽ സീലന്റ് തേച്ചു പിടിപ്പിച്ചശേഷം

www.smartdocposters.com WATERMARK

# ദന്തക്ഷയം തടയാൻ കുട്ടികളിൽ ഫ്ളൂറൈഡിന്റെ പ്രയോഗം

www.smartdocposters.com WATERMARK

**നിങ്ങളുടെ കുട്ടിയുടെ പല്ലുകളിൽ ഫ്ളൂറൈഡ് പ്രയോഗിക്കേണ്ടതിന്റെ ആവശ്യം എന്താണ്?**

ഫ്ളൂറൈഡ് പ്രയോഗം നിങ്ങളുടെ കുട്ടിയുടെ പല്ലുകൾക്ക് ദന്തക്ഷയത്തിൽ നിന്ന് അധിക സംരക്ഷണം നൽകുന്നു.

**ഫ്ളൂറൈഡ് പ്രയോഗം ആരംഭിക്കാൻ അനുയോജ്യമായ പ്രായം**

രണ്ടു വയസ്സാണ് അനുയോജ്യമായ പ്രായം. കൂടാതെ വർഷത്തിൽ രണ്ടു തവണ ഫ്ളൂറൈഡ് പ്രയോഗം ചെയ്യുക.

## രണ്ടു തരം ഫ്ളൂറൈഡ് പ്രയോഗം.



### ഫ്ളൂറൈഡ് ഫോം അല്ലെങ്കിൽ ജെൽ

ഫ്ളൂറൈഡ് ഫോം അല്ലെങ്കിൽ ജെൽ പ്രയോഗം ട്രേകൾ ഉപയോഗിച്ചാണ് ചെയ്യുന്നത്.



### ഫ്ളൂറൈഡ് വാർണിഷ്

ഒരു ബ്രഷ് അല്ലെങ്കിൽ കോട്ടൺ ടിപ് ഉപയോഗിച്ച് ഫ്ളൂറൈഡ് വാർണിഷ് പ്രയോഗിക്കുന്നു.



# ഓർത്തോഡോൺടിക് ചികിത്സ കുട്ടികളിൽ



കുട്ടികൾക്ക് പല്ലുകളുടെ വളർച്ച ആരംഭിക്കുമ്പോൾ തന്നെ ഓർത്തോഡോണ്ടിക് ചികിത്സ ആവശ്യമായി വരാം.

## ഈ ഓർത്തോഡോണ്ടിക് ചികിത്സയുടെ ലക്ഷ്യം:

**01** പല്ലുകളുടെയും താടിയെല്ലിന്റെയും വളർച്ച ശരിയായ രീതിയിൽ ആണെന്ന് ഉറപ്പാക്കുന്നു.

**02** മുൻ നിരയിലെ പല്ലുകൾ തള്ളി വരുവാൻ സാധ്യതയുണ്ടെങ്കിൽ, അവ ശരിയാക്കുന്നു.

**03** ചവയ്ക്കുന്നതിലും സംസാരിക്കുന്നതിലും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ, അത് ശരിയാക്കുന്നു.

**04** പാൽ പല്ലുകൾ തിങ്ങിയിരിക്കുകയാണെങ്കിൽ സ്ഥിര ദന്തങ്ങൾ നേരായ വഴിയിൽ വരാൻ ഇടം ഉണ്ടാക്കുന്നു.

**05** കുട്ടികളുടെ ആത്മവിശ്വാസും ആത്മാഭിമാനവും വളർത്താൻ സാധിക്കുന്നു .

### ആദ്യ ഘട്ടം




സ്പേസ് മെയിന്റയ്നർ



പാലറ്റൽ എക്സ്പാൻഡർ

പ്രാഥമിക ഓർത്തോഡോണ്ടിക് ചികിത്സാ ഘട്ടത്തിൽ, ആവശ്യമെങ്കിൽ സ്പേസ് മെയിന്റയ്നർ (SPACE MAINTAINER), പാലറ്റൽ എക്സ്പാൻഡർ (PALATAL EXPANDER) പോലുള്ള ഉപകരണം ഉപയോഗിച്ചുള്ള ചികിത്സ കുട്ടികൾക്ക് ആവശ്യമായി വരാം.


### രണ്ടാം ഘട്ടം



ബ്രേസുകൾ



ക്ലീയർ അലൈനറുകൾ



എടുത്തു മാറ്റാവുന്ന ഉപകരണം

ഓർത്തോഡോണ്ടിക് ചികിത്സാ രണ്ടാം ഘട്ടം ഏകദേശം 12 അല്ലെങ്കിൽ 13 വയസ്സിൽ ആരംഭിക്കുന്നു.

യഥേഷ്ടം എടുത്തു മാറ്റാവുന്ന ഓർത്തോഡോണ്ടിക് ഉപകരണം ,ബ്രേസുകൾ ( BRACES) ക്ലീയർ അലൈനറുകൾ (CLEAR ALIGNERS) എന്നിവ ഉപയോഗിച്ചുള്ള ചികിത്സ.

www.smartdocposters.com
WATERMARK

തിങ്ങി നിറഞ്ഞിരിക്കുന്ന പല്ലുകളുടെ അവസ്ഥയ്ക്ക് കാരണമാകുന്നത് ഇടുങ്ങിയ ചെറിയ താടിയെല്ലുകളാണ്

ഇടുങ്ങിയ താടിയെല്ല് വികസിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഉപകരണമാണ്

# പാലറ്റ് എക്സ്പാൻഡർ

Palate expander



ഇടുങ്ങിയ താടിയെല്ല്



ഇടുങ്ങിയ താടിയെല്ല് പാലറ്റ് എക്സ്പാൻഡർ ഉപയോഗിച്ച് വികസിപ്പിച്ച ശേഷം

**കുട്ടികളുടെ പല്ലുകൾ ശരിയായ ഘടനയിൽ വളർന്നു വരുന്നതിനായി ഉപയോഗിക്കപ്പെടുന്ന**

# സ്പേസ് മെയിന്റേനറുകൾ


ചില കുട്ടികളിൽ പാൽ പല്ലുകൾ നേരത്തെ കൊഴിഞ്ഞു പോകുന്നു. ഇതു കാരണം ഭാവിയിൽ വരുന്ന സ്ഥിരദന്തങ്ങൾ സ്ഥാനം തെറ്റി വരുവാൻ കാരണമാകുന്നു.

⇩

ഇതു ശരിയാക്കുവാനായി ഭാവിയിൽ കമ്പി കെട്ടി പല്ലുകൾ ശരിയാക്കുന്ന ചികിത്സ വേണ്ടി വരുന്നു.

⇩

സ്പേസ് മെയിന്റേനർ എന്ന ഉപകരണം ഘടിപ്പിച്ചാൽ, അവ, വരാനിരിയ്ക്കുന്ന സ്ഥിര ദന്തങ്ങൾക്കുള്ള സ്ഥലം കാത്തുസൂക്ഷിക്കുകയും, അവയെ ശരിയായ പാതയിൽ തന്നെ മുളച്ചു വരുവാനുള്ള അവസരമൊരുക്കുകയും ചെയ്യുന്നു.



ഈ എക്സ്റേയിൽ പാൽ പല്ലുകളിലെ ഒരു അണപല്ല് നേരത്തെ പോയ അവസ്ഥ. താഴെ വരാനിരിയ്ക്കുന്ന സ്ഥിര ദന്തവും കാണാം.





ഉറപ്പിച്ചു വയ്ക്കാവുന്ന രീതിയിലുള്ള **സ്പേസ് മെയിന്റേനറുകൾ.**

www.smartdocposters.com
WATER MARK

## കുട്ടികളിൽ പാൽ പല്ലുകളുടെ
# റൂട്ട് കനാൽ ചികിത്സ






കുട്ടികളിൽ പല്ലിനുള്ളിലെ പൾപ്പിനെ ദന്തക്ഷയം ബാധിക്കുമ്പോൾ, പല്ലുകളെ രക്ഷിക്കാൻ റൂട്ട് കനാൽ ചികിത്സാ രീതികളായ പൾപ്പോട്ടോമി (Pulpotomy) അല്ലെങ്കിൽ പൾപെക്ടമി (Pulpectomy) നടത്തുന്നു.


ദന്തക്ഷയം

## പൾപ്പോട്ടോമി Pulpotomy

പൾപ്പോട്ടമി ചികിത്സയിൽ, പൾപ്പിന്റെ മുകൾ ഭാഗം മാത്രം നീക്കം ചെയ്യുകയും പല്ല് ഫില്ലിംഗ് ചെയ്യുകയും ചെയ്യുന്നു.






പൾപ്പോട്ടമിക്കു ശേഷമുള്ള എക്സ്റേ

## പൾപെക്ടമി Pulpectomy

പൾപെക്ടമി ചികിത്സയിൽ, പൾപ്പ് മുഴുവനായി നീക്കം ചെയ്യുകയും പല്ല് ഫില്ലിംഗ് ചെയ്യുകയും ചെയ്യുന്നു.





പൾപെക്ടമിക്കു ശേഷമുള്ള എക്സ്റേ

www.smartdocposters.com WATER MARK

# കുട്ടികളിൽ ഡെന്റൽ ക്രൗണുകൾ കൊണ്ടുള്ള ക്യാപ്പിംഗ്

കുട്ടികളിൽ പ്രാഥമിക പാൽ പല്ലുകളിൽ പല്ലിന്റെ പൾപ്പിനെ ബാധിക്കുന്ന പൊട്ടലുകൾക്ക് റൂട്ട് കനാൽ ചികിത്സയും ഡെന്റൽ ക്രൗണുകൾ കൊണ്ടുള്ള ക്യാപ്പിംഗും ആവശ്യമായി വന്നേക്കാം. സ്ഥിരമായ പല്ലുകൾ വരുന്നതു വരെ അവ സംരക്ഷിച്ച് നിലനിർത്തേണ്ടതുണ്ട് . കാരണം, പാൽ പല്ലുകൾ നേരത്തെ നഷ്ടപ്പെടുന്നത് സ്ഥിര ദന്തങ്ങളുടെ ശരിയായ സ്ഥാനത്തെ ആവിർഭാവത്തിന് മാററമുണ്ടാക്കും.

www.smartdocposters.com WATER MARK

## കുട്ടികളിൽ സാധാരണ ഉപയോഗിക്കാറുള്ള ഡെന്റൽ ക്രൗണുകൾ

### സ്റ്റീൽ ക്രൗണുകൾ





സ്റ്റീൽ ക്രൗണുകൾ കൊണ്ടുള്ള ക്യാപ്പിംഗ്

### പല്ലിന്റെ നിറത്തിലുള്ള ക്രൗണുകൾ



പല്ലിന്റെ അതേ നിറത്തിലുള്ള സിർക്കോണിയ ക്രൗണുകൾ (Zirconia Crowns)



ചികിത്സയ്ക്കു മുൻപ്



ചികിത്സയ്ക്കു ശേഷം

# കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന ചില ദുഃശ്ശീലങ്ങൾ എങ്ങിനെ തടയാം?



വിരൽ ഈമ്പുക

നഖം കടിയ്ക്കൽ



വിരൽ ഈമ്പുന്ന ശീലം കാരണം നിരതെറ്റിയ പല്ലുകൾ.



കൈ വിരലിൽ ഘടിപ്പിക്കുന്ന ഉപകരണം



വിരൽ ഈമ്പൽ ശീലം മാറ്റുവാൻ വായ്ക്കുള്ളിൽ ഘടിപ്പിക്കുന്ന ഉപകരണം.



ചുണ്ടു കടിക്കൽ



ചുണ്ടുകളിൽ വ്രണം



ലിപ് ബമ്പർ
(Lip Bumper)

ചുണ്ടുകടിക്കൽ തടയുന്നതിനായി വായ്ക്കുള്ളിൽ ഘടിപ്പിക്കുന്ന ഉപകരണം



വായിലൂടെ ശ്വാസം എടുക്കുക



തള്ളിയ പല്ലുകൾ



വായിലൂടെയുള്ള ശ്വാസോച്ഛ്വാസം തടയുവാനായി, കിടന്നുറങ്ങുമ്പോൾ വായ്ക്കുള്ളിൽ വയ്ക്കുന്ന ഉപകരണം.



നാക്ക് തള്ളൽ



നാവു തള്ളൽ ശീലം കാരണം നിര ചേരാത്ത പല്ലുകൾ.



നാക്കുതള്ളൽ ശീലം മാറ്റുവാനായി വായ്ക്കുള്ളിൽ ഘടിപ്പിക്കുന്ന ഉപകരണം.

www.smartdocposters.com WATER MARK



# Cleft
lip and palate

# മുറി ചുണ്ട്

## എങ്ങനെ സംഭവിക്കുന്നു?

ഗർഭാവസ്ഥയിൽ കുഞ്ഞിന്റെ ചുണ്ട് ഒരുമിച്ചു ചേരാൻ ആവശ്യമായ ടിഷ്യു ഇല്ലാത്തതാണ് ഇതിന് കാരണം.

## കാരണമാകുന്ന ഘടകങ്ങൾ

- പാരമ്പര്യം
- ഗർഭിണിയായ സ്ത്രീ പുകവലിക്കുകയോ,മദ്യം കഴിക്കുകയോ, ചില മരുന്നുകൾ കഴിക്കുകയോ ചെയ്താൽ.
- ഗർഭകാലത്തുള്ള പ്രമേഹം.
- ഗർഭകാലത്തുള്ള പൊണ്ണത്തടി.

## ഇതു കാരണമുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണ്?

- കുട്ടിക്ക് ഭക്ഷണം കഴിക്കുന്നതിൽ ബുദ്ധിമുട്ട്.
- ചെവിയിൽ അണുബാധയും കേൾവിക്കുറവും ഉണ്ടാകാം.
- ദന്ത രോഗങ്ങൾ.
- സംസാരിക്കാനുള്ള ബുദ്ധിമുട്ട്.
- ശാരീരിക വ്യത്യാസങ്ങൾ കാരണം വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ.

## മുറി ചുണ്ട് ശസ്ത്രക്രിയയിലൂടെ ശരിയാക്കാം.

- കുട്ടിയുടെ , ഭക്ഷണം കഴിക്കാനും സംസാരിക്കാനും കേൾക്കാനുമുള്ള കഴിവ് മെച്ചപ്പെടുത്തുകയും സാധാരണ മുഖഭാവം കൈവരിക്കുകയും ചെയ്യുക എന്നതാണ് ശസ്ത്രക്രിയയുടെ ലക്ഷ്യം.
- ഓറൽ സർജനും, മററു ഡോക്ടർമാരുടെയും ഒരു സംഘം ചേർന്നാണ് ശസ്ത്രക്രിയ നടത്തുന്നത്. ജനറൽ അനസ്തേഷ്യയിൽ ഇത് ചെയ്യുന്നതിനാൽ കുട്ടിക്ക് വേദന അനുഭവപ്പെടില്ല.



www.smartdocposters.com
WATERMARK

# ഡെന്റൽ ബ്ലീച്ചിംഗ്

## പല്ല് വെളുപ്പിക്കൽ

## 2 തരം ഡെന്റൽ ബ്ലീച്ചിംഗ്

### ട്രേ ബ്ലീച്ചിംഗ് — Tray Bleaching



ബ്ലീച്ചിംഗ് ജെൽ ഒരു ഫ്ളെക്സിബിൾ ട്രേയിൽ നിറയ്ക്കുന്നു.



ആവശ്യമുള്ള ഫലം നേടുന്നതു വരെ ഈ ട്രേ പല്ലിന് മുകളിൽ വയ്ക്കുന്നു.

### ലേസർ ബ്ലീച്ചിംഗ് — Laser Bleaching





ലേസർ ബ്ലീച്ചിംഗ് പല്ലുകൾ വെളുപ്പിക്കുന്നതിനുള്ള വേഗത്തിലുള്ള പ്രക്രിയയാണ് .

ഒറ്റ സന്ദർശനത്തിൽ ഇത് പൂർത്തിയാക്കാം.



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം



ചികിത്സയ്ക്ക് മുൻപ്



ചികിൽസയ്ക്കു ശേഷം


www.smartdocposters.com WATER MARK

# ഡെന്റൽ വെനീറുകൾ Dental Veneers

## പല്ലിന്റെ നിറമുള്ള വളരെ നേർത്ത പാളികളാണ് ഡെന്റൽ വെനീറുകൾ.

പല്ലിന്റെ മുൻഭാഗം മെച്ചപ്പെടുത്തുന്നതിനായി ഈ പാളികൾ പല്ലിന്റെ മുൻവശത്ത് ഒട്ടിച്ച്, അവയുടെ നിറം, ആകൃതി, വലിപ്പം,എന്നിവ മാറ്റുന്നു !








പല്ലുകൾക്കിടയിലെ വിടവുകൾ



ഡെന്റൽ വെനീറിംഗ് ചെയ്തതിനു ശേഷം

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിക്കുന്നു:

- മുൻ നിരയിലെ പല്ലുകളുടെ നിറം, ആകൃതി,വലിപ്പം എന്നിവ ശരിയാക്കുവാൻ..
- പല്ലുകളുടെ തേയ്മാനം, പൊട്ടിയ പല്ല് എന്നിവ ശരിയാക്കുവാൻ..
- നിര തെറ്റിയ പല്ലുകൾ ശരിയാക്കുവാൻ..
- പല്ലുകൾക്കിടയിലെ വിടവുകൾ ശരിയാക്കുവാൻ..

www.smartdocposters.com WATERMARK


# നിങ്ങളുടെ പല്ലുകളെ അറിയൂ...

www.smartdocposters.com WATERMARK

മുതിർന്നവരുടെ പല്ലുകൾ





കുട്ടികളുടെ പല്ലുകൾ




പ്രീ മോളാർ പല്ലുകൾ
കുട്ടികളിൽ കാണില്ല

## ആന്തരിക ഘടന







# ദന്ത–രോഗങ്ങൾ ചികിത്സിക്കാതിരുന്നാൽ അവ ഹൃദ്രോഗത്തിനും മറ്റനേകം രോഗങ്ങൾക്കും കാരണമാകാം.

**ദന്ത – രോഗങ്ങളിൽ കണ്ടുവരുന്ന അണുക്കൾ രക്തക്കുഴലിലൂടെ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്ക് പടർന്ന് പല ശരീരാവയവങ്ങളെയും രോഗാവസ്ഥയിലാക്കാം!**

www.smartdocposters.com WATERMARK





**ബാക്ടീരിയൽ എൻഡോകാർഡൈറ്റിസ് (Bacterial Endocarditis) എന്ന് ഹൃദ്രോഗത്തിന് കാരണമാക്കാം.**




**കുടലിലെ ക്യാൻസർ പോലുള്ള തീവ്രമായ രോഗാവസ്ഥയ്ക്കുള്ള കാരണമാകാം.**




**തലച്ചോറിനെ ബാധിക്കുന്ന മെനിൻജൈറ്റിസ് (meningitis) എന്ന രോഗമുണ്ടാകാം.**




**മൂത്രാശയ രോഗങ്ങൾ, വൃക്കയിലെ കല്ല് (Kidney Stone) മുതലായവ ഉണ്ടാകുവാനുള്ള സാദ്ധ്യത**

# ഗർഭസമയത്ത് ദന്തപരിചരണം

www.smartdocposters.com WATER MARK

**1** 2 മാസത്തിലൊരിക്കൽ ദന്ത – ഡോക്ടറെ കണ്ട് ചെക്കപ്പ് ചെയ്യിപ്പിയ്ക്കുക.



**2** 

ദിവസേന2 നേരം നിർബന്ധമായും പല്ല് തേയ്ക്കുക.
പ്രത്യേകിച്ചും, ഭക്ഷണം കഴിഞ്ഞ് രാത്രി ഉറങ്ങുന്നതിനു മുൻപായി.

**3** കാൽക്കുലസ് **(calculus)** പാളികൾ പല്ലിന്റെ വശങ്ങളിൽ കാലകാലങ്ങളായി പറ്റിപ്പിടിച്ചിരുന്ന്, മോണ രോഗങ്ങൾക്കും പല്ലുകൾ ഇളകുവാനും കാരണമാകുന്നു.



കാൽക്കുലസ്

## ആറു മാസത്തിലൊരിക്കൽ പല്ലുകൾ ക്ലീൻ ചെയ്യുക

## ഗർഭസമയത്ത് വായിൽ കാണപ്പെടുന്ന ചില രോഗങ്ങൾ

### മോണരോഗം



ഗർഭസമയത്ത് മോണരോഗം വരാനുള്ള സാദ്ധ്യത ഏറെയാണ്...
വീർത്തു ചുവന്ന മോണയും, ബ്രഷ് ചെയ്യുമ്പോൾ രക്തം പൊടിയുകയും ചെയ്യും.

### മോണയിൽ ട്യൂമർ



ഗർഭാവസ്ഥയിൽ മോണയിൽ വീക്കം പോലെയുള്ള വേദനയില്ലാത്ത ട്യൂമർ കാണപ്പെടുന്നു.
പ്രസവശേഷം അവ അപ്രത്യക്ഷമാകുന്നു.

ദന്ത രോഗങ്ങൾ ചികിത്സിക്കാതിരുന്നാൽ അവയിലെ രോഗാണുക്കൾ രക്തക്കുഴൽ വഴി ഗർഭസ്ഥശിശുവിനെ ബാധിച്ചേയ്ക്കാം. ➡ ഇത് ചിലപ്പോൾ സമയം തെറ്റി നേരത്തേയുള്ള പ്രസവത്തിനു വഴിയൊരുക്കും.

# വായിലെ ക്യാൻസർ

90 ശതമാനം വായിലെ ക്യാൻസറിനു കാരണം പുകവലി അല്ലെങ്കിൽ പുകയില ചവയ്ക്കലാണ്.





## ചില ആരംഭ സൂചനകൾ...





- ഉണങ്ങാത്ത ഒരു വ്രണം.
- വായിൽ വെള്ളയോ ചുവപ്പോ പാടുകൾ.
- ചുണ്ടുകളുടെയോ മോണയുടെയോ സ്ഥിരമായ വീക്കം.
- ഭക്ഷണം ചവയ്ക്കുന്നതിനും നാവ് ചലിപ്പിക്കുന്നതിനും വളരെ ബുദ്ധിമുട്ട്.
- ശബ്ദത്തിൽ മാറ്റം.
- നിരന്തരമായ രക്തസ്രാവം, വേദന, മരവിപ്പ്.
- തൊണ്ടയിൽ ഇടയ്ക്കിടെ നീർവീക്കം അനുഭവപ്പെടുന്നു

www.smartdocposters.com
WATER MARK

# വായിൽ കാണുന്ന ഈ രോഗങ്ങൾ,...

## ക്യാൻസർ ആകാനുള്ള സാധ്യത കൂടുതലാണ് !

ഈ രോഗലക്ഷണങ്ങൾ കണ്ടാൽ,...
ഉടൻ നിങ്ങളുടെ ദന്തഡോക്ടറെ സമീപിക്കുക!



### ലൂക്കോപ്ലാകിയ

Leukoplakia

നാവിലോ മോണയിലോ കവിളുകളുടെ ഉള്ളിലോ വെളുത്ത പാടുകളായി കാണപ്പെടുന്ന ഒരു അവസ്ഥയാണ് ലൂക്കോപ്ലാകിയ.

ഈ പാടുകൾ വേദനാജനകമല്ല.



### എറിത്രോപ്ലാക്കിയ

Erythroplakia

വായിൽ ഒരു ചുവന്ന പാടായി കാണപ്പെടുന്നു.



### [illegible] മ്യൂക്ക[illegible] [illegible]ബ്രോസിസ്

Sub[illegible]ous fibrosis

കട്ടി[illegible]ള്ള [illegible]ബ്രോട്ടിക് പാളി[illegible] വായിൽ കാണ[illegible]ടുന്നു. വായ [illegible]ക്കാനും, ഭക്ഷണ[illegible] കഴിക്കാ[illegible]ുള്ള ബദ്ധിമുട്ട്



### ലൈക്കൻ പ്ലാനസ്

Lichen planus

വെളുത്ത വരയായി തുടിപ്പുകൾ, അല്ലെങ്കിൽ ചുവന്നു വീർത്ത തുടിപ്പുകൾ, അല്ലെങ്കിൽ വ്രണങ്ങൾ എന്നിവയാണ് ലക്ഷണങ്ങൾ...

കത്തുന്ന തരത്തിലുള്ള വേദന, അല്ലെങ്കിൽ മറ്റ് അസ്വസ്ഥതകൾ കാണപ്പെടുന്നു.



### ആക്റ്റിനിക് കീലൈറ്റിസ്

Actinic cheilitis

ചുണ്ടുകളിൽ, പരുപരുത്ത് നിറവ്യത്യാസമുള്ള പാടുകളായി ആക്റ്റിനിക് കീലൈറ്റിസ് കാണപ്പെടുന്നു.

www.smartdocposters.com WATERMARK

ദന്തഡോക്ടറുടെ പരിചരണം ആവശ്യമുള്ള,

# സാധാരണ കാണപ്പെടുന്ന വായിലെ ചില രോഗങ്ങൾ

## മോണരോഗം



മോണ വീർത്തു ചുവന്ന നിറമാകും!
കൂടാതെ ബ്രഷ് ചെയ്യുമ്പോൾ
രക്തം പൊടിയും...

## പെരികൊറോണൈറ്റിസ്

Pericoronitis



പുതുതായി വരുന്ന ഒരു
മേ[illegible] പല്ലിൽ അല്ലെങ്കിൽ
ഒരു [illegible]പാക്റ്റ്ട് പല്ലിൽ,
മോണ പല്ലിനെ മൂടുന്നു.
ഭക്ഷണ കണികകൾ അതിൽ
അടിഞ്ഞുകൂടി,
അണുബാധയും മോണ
വീക്കവും കാണപ്പെടുന്നു...

ഈ അവസ്ഥ വേദനാജനകമാണ്!

## വായിലെ പൂപ്പൽ

(കാൻഡിഡിയാസിസ്) Candidiasis



വായിൽ വെളുത്ത പൂപ്പൽ പോലെ
പാടുകൾ കാണപ്പെടുന്നു. ഇത്
തുടച്ചു മാറ്റുമ്പോൾ,
ചെറുതായി രക്തപൊടിയുന്ന
ചുവന്നു ഭാഗങ്ങൾ കാണുന്നു ...

രുചി നഷ്ടം അല്ലെങ്കിൽ വായിൽ
അസുഖകരമായ രുചി
അനുഭവപ്പെടുന്നു ...

വായിൽ, കത്തുന്ന തരത്തിലുള്ള
വേദന !!

## ഹെർപ്പസ് സിംപ്ലക്സ് വൈറസ് അണുബാധ

Herpes simplex virus infection





ദ്രാവകം നിറഞ്ഞ
ചെറിയ കുമിളകൾ...

ചുവപ്പ് നിറം, വീക്കം,
വേദന, ചൊറിച്ചിൽ
എന്നിവ കാണും .

കുമിളകൾ പൊട്ടി, ദ്രാവകം ചോർന്ന്
വ്രണങ്ങളായി മാറും.

## അഫ്തസ് അൾസർ

Aphthous ulcer



1 മില്ലീമീറ്ററിൽ താഴെ
മുതൽ 2 സെന്റിമീറ്റർ വരെ
വലിപ്പമുള്ള വേദനാജനകമായ
അൾസറുകളാണിവ.

അവ ഒറ്റയായോ ഒന്നിലധികം
രൂപത്തിലോ കാണപ്പെടാം ...

www.smartdocposters.com





# ഡെന്റൽ എക്സ്റേ എടുക്കുന്നതെന്തിന്?

പല്ലിന് ചുറ്റുമുള്ള, എല്ലിന്റെ ഘടന, പല്ലിന്റെ വേര്, മോണ രോഗങ്ങളുടെ തീവ്രത എന്നിവ ശരിയായി മനസ്സിലാക്കുന്ന നും, ഉത്തമമായ ചികിത്സാരീതി നിശ്ചയിക്കുവാനും ഡെന്റൽ എക്സ്റേ സാദ്ധ്യമാക്കുന്നു.



പാൽ പല്ലുകളുടെ അടിയിൽ മുളച്ചു വരാനിരിക്കുന്ന സ്ഥിരദന്തങ്ങൾ



റൂട്ട് കനാൽ ചികിത്സയ്ക്ക് ശേഷം



ഇംപാക്റ്റട് പല്ലുകൾ

# ഡെന്റൽ എക്സ്റേ

## എടുക്കേണ്ടി വരുന്ന ചില സാഹചര്യങ്ങൾ

1. പല്ലിന്റെ വേരുചികിത്സ , അഥവാ റൂട്ട്കനാൽ ചികിത്സ ചെയ്യേണ്ടി വരുമ്പോൾ
2. പല്ലെടുക്കുന്ന സമയത്ത് വേരുകളുടെ ഘടന മനസ്സിലാക്കുവാൻ.
3. മോണരോഗങ്ങളുടെ തീവ്രത മനസ്സിലാക്കുവാൻ.....
4. പല്ലുകൾ അടയ്ക്കേണ്ടി വരുമ്പോൾ
5. ഓർത്തഡോൺടിക് ചികിത്സ ചെയ്യേണ്ടി വരുമ്പോൾ

# ഡെന്റൽ ഒ പി ജി

Dental OPG

ഓർത്തോ പാന്റമോഗ്രാം അഥവാ ഒ. പി. ജി, മുകളിലും താഴെയുമുള്ള താടിയെല്ലുകൾ, പല്ലുകൾ, എന്നിവയുടെ മൊത്തത്തിലുള്ള ഒരു പനോരമിക് കാഴ്ച നൽകുന്നു.



ഒപിജി യൂണിറ്റ്



പ്രാഥമിക പല്ലുകളും സ്ഥിരമായ പല്ലുകളും ഒരുമിച്ചുള്ള ഡെന്റൽ ഒപിജിയാണിത്. വരാനിരിക്കുന്ന സ്ഥിരമായ പല്ലുകൾ ഇതിൽ കാണാം.

### ഏതൊക്കെ സാഹചര്യത്തിലാണ് ഒരു ഡെന്റൽ ഒപിജി എടുക്കേണ്ടത് ?

- വരാനിരിക്കുന്ന പല്ലിന്റെയും, താടിയെല്ലിന്റെയും വളർച്ചയെ കുറിച്ച് അറിയാൻ.
- ഓർത്തോഡോണ്ടിക് ചികിത്സ നടത്തുന്നതിന് മുമ്പ്.
- മോണരോഗത്തിൽ എല്ലുകളുടെ നഷ്ടം കണ്ടെത്തുന്നതിന്.
- ഇംപാക്റ്റട് പല്ലുകൾ നീക്കം ചെയ്യുന്നതിനായി.
- ഒന്നിലധികം റൂട്ട് കനാൽ ചികിത്സ നടത്തുന്നതിന്.
- ഡെന്റൽ ഇംപ്ലാന്റുകൾ സ്ഥാപിക്കുന്നതിന്.
- അപകടങ്ങളിൽ താടിയെല്ലിന്റെ ഒടിവ് കണ്ടെത്തുന്നതിന്.

www.smartdocposters.com WATER MARK



# സമ്പൂർണ്ണ ദന്താരോഗ്യത്തിന്

**1**



## ശരിയായ രീതിയിൽ ബ്രഷ് ചെയ്യുക

- **ദിവസേന രണ്ട് നേരം ബ്രഷ് ചെയ്യുക.**
- **ഭക്ഷണശേഷം രാത്രിയിൽ ഉറങ്ങുന്നതിനു മുൻപ് നിർബന്ധമായും ബ്രഷ് ചെയ്തിരിക്കണം.**

**2**



## ഫ്ളോസിംഗ്

എത്ര ബ്രഷ് ചെയ്താലും പോകാതെ, പല്ലുകൾക്കിടയിൽ കുടുങ്ങിയ ഭക്ഷണ അവശിഷ്ടങ്ങൾ,
ഫ്ളോസിംഗ് ചെയ്ത് നീക്കം ചെയ്യണം

**3**



കാൽക്കുലസ് പാളികൾ

## അൾട്രാസോണിക് ക്ലീനിംഗ് സ്കെയിലിംഗ്

പല്ലുകളിൽ അടിഞ്ഞുകൂടിയ കാൽക്കുലസ്,...
അൾട്രാസോണിക് ക്ലീനിംഗ് ഉപയോഗിച്ച് നീക്കം ചെയ്തില്ലെങ്കിൽ,...
അത് മോണ രോഗത്തിലേക്ക് നയിച്ചേക്കാം !!




അൾട്രാസോണിക് ക്ലീനിംഗ് ഉപയോഗിച്ച് കാൽക്കുലസ് നീക്കം ചെയ്യുന്നു.

**4**



## 6 മാസത്തിൽ ഒരിക്കൽ ദന്തപരിശോധന നടത്തുക!



## താഴെപറയുന്ന ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഉടനടി ദന്ത-ഡോക്ടറെ കാണുക.

- പല്ലുകൾക്ക് വേദനയോ, ഇളക്കമോ സംഭവിക്കുകയാണെങ്കിൽ
- മോണയിൽ നിന്ന് രക്തം വരികയാണെങ്കിൽ
- വായ്നാറ്റം അനുഭവപ്പെടുമ്പോൾ.....
- ചവയ്ക്കുമ്പോൾ വേദന.
- ഭക്ഷണാവശിഷ്ടങ്ങൾ പല്ലുകൾക്കിടയിൽ സ്ഥിരമായി തങ്ങിയിരിക്കുകയാണെങ്കിൽ....
- പല്ലുകളിൽ പുളിപ്പ്...
- നിര തെറ്റിയ പല്ലുകൾ ....

**ദന്താരോഗ്യം നല്ലതെങ്കിൽ ശരീരാരോഗ്യവും നല്ലത് !**

www.smartdocposters.com WATER MARK

# ഡെന്റൽ അപ്പോയിന്റ്മെന്റ് കൃത്യസമയം പാലിക്കുക



1 മിക്ക ദന്ത ചികിത്സാരീതികളും അധികം സമയമെടുക്കുന്നതാകയാൽ, താങ്കളുടെ ചികിത്സാസമയത്തിന് ഡോക്ടറുമായി സമയം ഉറപ്പിയ്ക്കുന്നത് നന്നായിരിക്കും.

2 നിശ്ചിത സമയം കൃത്യമായി പാലിക്കുക.
അല്ലെങ്കിൽ...
അത് നിങ്ങൾക്കും, മറ്റുള്ളവർക്കും അസൗകര്യമായി തീരാം....

3 പല്ലിൽ കമ്പികെട്ടി, നിരതെറ്റിയ പല്ലുകളെ ശരിയാക്കുന്ന ഓർത്തോഡോൺടിക് ചികിത്സയ്ക്ക് വിധേയരാകുന്നവർ ഉറപ്പായും ഡോക്ടർ പറയുന്ന സമയം പാലിക്കേണ്ടതുണ്ട്.

സമയം തെറ്റിയാൽ ഉദ്ദേശിയ്ക്കുന്ന ചികിത്സാഫലം ഇല്ലാതായെന്നു വരാം.

## ഓർമിയ്ക്കുക!
## കൃത്യസമയം! കൃത്യ തീയതി പാലിയ്ക്കുക!

www.smartdocposters.com WATERMARK

ദന്തചികിത്സയ്ക്ക്
ഏറെ സമയം
ആവശ്യമാണ് !

താങ്കൾ ക്ഷമയോടെ
കാത്തിരിക്കുന്നതിന്
നന്ദി !



YOUR CLINIC DETAILS
WILL BE PRINTED HERE

**YOUR CLINIC DETAILS**
**WILL BE PRINTED HERE**


# ദന്തചികിത്സ

ദന്തചികിത്സയെ കുറിച്ച് കൂടുതൽ അറിയൂ ...

The Complete Dental Treatment information guide

SMART DOC®

www.smartdocposters.com